"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. അമ്മിണി അമ്മയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1900/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 14/10/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 18/2/2016 ലെ ഡി6-1401/2016 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 23.01.2018-ലെ ഡി6-1401/16 നമ്പർ നടപടിക്രമങ്ങൾ

3 സർക്കാരിന്റെ 03.10.2018-ലെ ഇപിബി2/106/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീമതി. അമ്മിണി അമ്മ സമർപ്പിച്ച 30.12.2018-ലെ പ്രതിവാദ പത്രിക

5 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 05.03.2020-ലെ A1-1/61/2019-KPSC നമ്പർ കത്ത്

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ അറുകാലിക്കൽ വെസ്റ്റ് കൊച്ചുതുണ്ടിൽ ജോയി വില്ലയിൽ ശ്രീ. പി.എം. യോഹന്നാന് ഏഴംകുളം വില്ലേജിൽ സർവ്വേ നമ്പർ 93/6-ൽ ഉൾപ്പെട്ടതും നിലം നികത്ത് ഭൂമിയെന്ന് തരംതിരിവിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 28.28 ആർ. സ്ഥലത്ത് 04.01.2012-ലെ ഇ1-5747/11ാം നമ്പർ ഉത്തരവ് പ്രകാരം ഒന്നാം നില 204.31 മീറ്റർ സ്ക്വയർ വ്യാപാരാവശ്യത്തിനും രണ്ടാം നില 204.31 മീറ്റർ സ്ക്വയർ വാസ ഗൃഹത്തിനും കെട്ടിടനിർമ്മാണ പെർമ്മിറ്റ് നൽകിയിരുന്നു. തുടർന്ന് ശ്രീ. യോഹന്നാൻ 23.6 മീറ്റർ സ്ക്വയർ വീതം പ്ലിന്ത് ഏരിയ ഉള്ള രണ്ട് നില കെട്ടിടം നിർമ്മിച്ചതിന് ശേഷം 03.08.2013-ൽ നമ്പരിന് വേണ്ടി അപേക്ഷ നൽകി. ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോർ വ്യാപാരാവശ്യത്തിനുള്ള കടമുറികളും ഫസ്റ്റ് ഫ്ളോർ വാസഗൃഹത്തിനുള്ള മുറികളും ഉൾപ്പെടുന്നതായിരുന്നു. അതിൽ ഫസ്റ്റ് ഫ്ളോറിലുള്ള 3 ഭാഗങ്ങളിൽ വാസഗൃഹങ്ങളായ കെട്ടിടങ്ങൾക്ക് 28.10.2013-ൽ XII/453(F), XII/453(G), XII/453(H) എന്നീ കെട്ടിട നമ്പരുകൾ നൽകി. നിലം നികത്ത് ഭൂമിയിൽ വാസഗൃഹ നിർമ്മാണത്തിന് മാത്രമേ പെർമ്മിറ്റ് അനുവദിക്കാവൂ എന്ന വ്യവസ്ഥ മറി കടന്നുകൊണ്ട് ചട്ടവിരുദ്ധമായി വ്യാപാരാവശ്യത്തിന് പെർമ്മിറ്റ് അനുവദിച്ച കെട്ടിടത്തിന് കെട്ടിടനമ്പർ നൽകിയ കുറ്റത്തിന് ഏഴംകുളം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീമതി. അമ്മിണി അമ്മയ്ക്കെതിരെ കെ.സി.എസ്.(സി.സി&എ) ചട്ടപ്രകാരം പഞ്ചായത്ത് ഡയറക്ടർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വന്നിരുന്നു. എന്നാൽ ശ്രീമതി. അമ്മിണി അമ്മയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാരി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ, പഞ്ചായത്ത് ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി പരാമർശം (2) പ്രകാരം തീർപ്പാക്കി കെ.എസ്.ആർ ഭാഗം III ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി സർക്കാരിൽ ശുപാർശ ചെയ്യുകയുണ്ടായി.

പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. അമ്മിണി അമ്മയ്ക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 3 (എ) പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാരിയുടെ പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപ വീതം 3 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. അമ്മിണി അമ്മ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ താത്കാലിക തീരുമാനം അംഗീകരിക്കുന്നതായും നേരിൽ കേൾക്കാൻ സാധിക്കാത്ത ശാരീരിക അവസ്ഥയായതിനാൽ തുടർ നടപടികൾ പൂർത്തിയാക്കി ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്. തുടർന്ന് മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും, ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച ബഹു. കമ്മീഷൻ, സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് യോജിക്കുന്നതായി പരാമർശം (5) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലം നികത്ത് ഭൂമിയിൽ ചട്ടവിരുദ്ധമായി വ്യാപാരാവശ്യത്തിന് പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന് കെട്ടിട നമ്പർ നൽകിയ കുറ്റത്തിന് ഏഴംകുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. അമ്മിണി അമ്മയ്ക്കെതിരെ സ്വീകരിച്ചു വന്നിരുന്ന അച്ചടക്ക നടപടി, ടിയാരിയുടെ പ്രതിമാസ പെൻഷനിൽ നിന്ന് 500/- രൂപ വീതം തുടർച്ചയായി 3 വർഷത്തേക്ക് കുറവ് വരുത്തുന്നതിനായി എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. അമ്മിണി അമ്മ, മുൻ സെക്രട്ടറി, ഏഴംകുളം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/106/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.10.14 1[illegible]:15:13 IST
Reason: Approved

സെക്ഷൻ ഓഫീസർ